ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, വിതരണത്തിലെ ക്രമക്കേടുകൾ കണ്ടുപിടിച്ച് കുറ്റക്കാരെന്നു കാണുന്ന റേഷൻ വ്യാപാരികളുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മായം ചേർക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഡി. ഐ. ജി. (എക്കണോമിക് ഒഫൻസ് വിംഗായും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാരും വേണ്ട നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കയാണ്.

പത്ര എജൻറുമാരുടെ നിവേദനം

*40 [43] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ര എജൻറുമാരുടെ സംഘടന അവരുടെ ചില ആവശ്യങ്ങൾ അടങ്ങുന്ന ഒരു നിവേദനം ഗവൺമെൻറിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിൽ ഏതെങ്കിലും ആവശ്യം ഗവൺമെൻറ് അംഗീകരിച്ചു കൊടുക്കുമോ ?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ട്.

(ബി) ആവശ്യങ്ങളുടെ ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ബന്ധപ്പെട്ട വകുപ്പുകൾ ഇത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

റേഷനരിയുടെയും മണ്ണെണ്ണയുടെയും വിതരണം

14 [29] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ റേഷൻ കടയിൽകൂടി വിതരണം ചെയ്യുന്ന അരി തീർത്തും മോശമാണെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഫ്. സി. ഐ. ഗോഡൗണുകളിൽ കഴിഞ്ഞ ഏഴും എട്ടും വർഷങ്ങളായി അട്ടിയിട്ടു വച്ചിരുന്ന അരി ഇപ്പോൾ വിതരണത്തിന് കൊടുക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഒരു കാർഡിന് 4 ലിറ്റർ മണ്ണെണ്ണ വീതം നിർബന്ധമായും ഒരു കാർഡുടമസ്ഥന് ലഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപനം നടത്തിയിട്ടും ഹൈറേഞ്ചുപ്രദേശങ്ങളിൽ അപ്രകാരം മണ്ണെണ്ണ ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെൻറിന് കിട്ടിയിരുന്നോ;

(ഡി) അതിനുമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

†Appendix I

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അരി മോശമായതാണെന്ന് പൊതുവെ പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) കിട്ടിയിരുന്നു.

(ഡി) മണ്ണെണ്ണ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ഹരിജനങ്ങൾക്ക് കേരളാസ്റ്റോറുകൾ അനുവദിക്കുവാൻ നടപടി

15 [30] കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര കേരളാസ്റ്റോറുകൾ തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം താലൂക്കുകളിൽ;

(സി) ഇതിനകം എത്രയെണ്ണം തുടങ്ങിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു പഞ്ചായത്തിൽ ഒരെണ്ണമെങ്കിലും ഹരിജനങ്ങൾക്ക് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വർഷാവസാനത്തോടുകൂടി കുറഞ്ഞത് 500 സ്റ്റോറുകൾ എങ്കിലും തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്,

(ബി ആൻറ് സി) തിരുവനന്തപുരം, കൊല്ലം, കരുനാഗപ്പള്ളി, തിരുവല്ല, ചേർത്തല, മീനച്ചിൽ, ചങ്ങനാശ്ശേരി, വൈക്കം, തൊടുപുഴ, കണയന്നൂർ, മുകുന്ദപുരം, ആലത്തൂർ, പൊന്നാനി, കോഴിക്കോട്, തലശ്ശേരി എന്നീ 15 താലൂക്കുകളിൽ ആയി ഇതിനകം 175 സ്റ്റോറുകൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) സ്റ്റോറുകളുടെ നിയമനകാര്യത്തിൽ ഹരിജനങ്ങൾക്ക് മുൻ ഗണന നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽപ്രസ്താവിച്ച താലൂക്കുകളിലെ ഓരോ പഞ്ചായത്തിലും ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലത്ത് കൂടുതലായി ഒരു കടകൂടി തുടങ്ങുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

''കോയിക്കൽ ചന്ത'' എന്ന സ്ഥലത്ത് സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി

16 [31] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൂരനാടു തെക്ക്, ശൂരനാട് വടക്ക് പഞ്ചായത്തുകളുടെ സൗകര്യത്തിനു വേണ്ടി 'കോയിക്കൽ ചന്ത' എന്ന സ്ഥലത്ത് ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഗവൺമെൻറിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ എന്തുവരെയായി എന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly